**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം - അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂനിയർ സൂപ്രണ്ട് ആയി ജോലിചെയ്ത് വരവെ വാഹനാപകടത്തിൽ മരണമടഞ്ഞ രാജൻ.പി-യുടെ ഇൻഷ്വറൻസ് ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.10470/2018/ധന** **തീയതി,തിരുവനന്തപുരം, 21/12/2018.**

---

പരാമർശം:- 1) 23/11/2010 തീയതിയിലെ സ.ഉ(പി)616/2010/ധന നമ്പർ സർക്കാർ ഉത്തരവ്.

2) 19/11/2015 തീയതിയിലെ സ.ഉ(പി)526/2015/ധന നമ്പർ സർക്കാർ ഉത്തരവ്

3) 23/07/2018 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ജി.പി.എ.ഐ.എസ്/എം.3/റ്റി.001703454 നമ്പർ കത്ത്.

4) 12/09/2018 തീയതിയിൽ ശ്രീമതി ഉഷാകുമാരി.കെ.എൻ സമർപ്പിച്ച അപ്പീൽ അപേക്ഷ

**<u>ഉത്തരവ്</u>**

അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂനിയർ സൂപ്രണ്ടായി ജോലിചെയ്ത് വരവെ വാഹനാപകടത്തിൽ 01/07/2016 ൽ മരണപ്പെട്ട രാജൻ.പി-യുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി ടിയാളുടെ വിധവ ശ്രീമതി ഉഷാകുമാരി.കെ.എൻ ഇൻഷുറൻസ് വകുപ്പിൽ സമർപ്പിച്ചിരുന്ന അപേക്ഷ നിർദ്ദിഷ്ട സമയപരിധിക്കകം സമർപ്പിച്ചില്ലെന്ന കാരണത്താൽ ഇൻഷുറൻസ് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷ നിരസിച്ചിരുന്നു. ക്ലെയിം അപേക്ഷ ഇൻഷുറൻസ് ഡയറക്ടർ നിരസിച്ച സാഹചര്യത്തിൽ കാലതാമസം മാപ്പാക്കി ക്ലെയിം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ഉഷാകുമാരി.കെ.എൻ പരാമർശം 4 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. മരണപ്പെട്ട രാജൻ.പി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ളതും, ടിയാളുടെ 2015 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും വരിസംഖ്യ കിഴിവ് നടത്തിയിട്ടുള്ളതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയും അപേക്ഷകയെ നേരിൽ

കേട്ടതിന്റെയും അടിസ്ഥാനത്തിൽ ക്ലെയിം അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കികൊണ്ട്, പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 9(iv), a പ്രകാരം അരിപ്പ ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂനിയർ സൂപ്രണ്ടായി ജോലിചെയ്തു വരവെ 01/07/2016 ൽ വാഹനാപകടത്തിൽ മരണപ്പെട്ട രാജൻ.പി-യുടെ ജി.പി.എ.ഐ.എസ് ക്ലെയിം തുകയായ പത്ത് ലക്ഷം രൂപ, ടിയാന്റെ വിധവ ശ്രീമതി ഉഷാകുമാരി കെ.എൻ, അവിവാഹിതയായ മകൾ കുമാരി അഞ്ജലി.പി.ആർ എന്നിവർക്ക് 1:1 എന്ന അനുപാതത്തിൽ പൂർണ്ണമായി അന്തിമതീർപ്പ് കൽപ്പിച്ചുകൊണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ചെലവ് "8011 – ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട് 95 - മിസലേനിയസ് ഇൻഷ്വറൻസ് ഫണ്ട്-(01)-പ്രീമിയം" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീനി.ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരളം, തിരുവനന്തപുരം.
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
ശ്രീമതി.ഉഷാകുമാരി.കെ.എൻ, പാലപ്ലാക്കൽ, വലിയകണ്ടം, കുമളി പി.ഒ., ഇടുക്കി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(e:962357)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ